ഇരുൾ വഴികളിലെ ചന്ദ്രികാവെളിച്ചം

web desk 1 March 26, 2018



കെ.പി കുഞ്ഞിമ്മൂസ



പ്രതിവാര പത്രമായി 1934-ൽ ചന്ദ്രിക തലശ്ശേരിയിൽ നിന്ന് ആരംഭിക്കുന്നത് മത-സാംസ്കാരിക-വിദ്യാഭ്യാസ പുരോഗതിയെ ലക്ഷ്യം വെച്ചുകൊണ്ടാണ്. ക്രിസ്ത്യൻ മിഷനറിമാരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രസിദ്ധീകരണങ്ങളും വടക്കെ മലബാറിൽ സാമൂഹിക പരിവർത്തനത്തിന്റെ ചാലകശക്തിയായി പരിണമിച്ചപ്പോൾ ബാസൽ മിഷനറിമാരിൽനിന്ന് അച്ചടിയുടെ പ്രാധാന്യം മനസ്സിലാക്കിയവരായിരുന്നു തലശ്ശേരി പട്ടണത്തിലെ പൂർവ്വികർ. കേരളത്തിലെ പ്രഥമ മുസ്‌ലിം മുദ്രണാലയം തലശ്ശേരിയിൽ സ്ഥാപിതമാവുന്നതിന് മുമ്പ് ബോംബെയിൽ പായക്കപ്പലിൽ പോയി കല്ലച്ചിൽ മുദ്രണം ചെയ്തുകൊണ്ടുവരുന്ന കിത്താബുകൾക്കായിരുന്നു പ്രചാരം. തലശ്ശേരിയിലെ അറിയപ്പെടുന്ന ഇസ്‌ലാമിക പണ്ഡിതന്മാർ ഈ സമ്പ്രദായത്തിന് അറുതിവരുത്തി. മായൻകുട്ടി എളയ, പുതിയോട്ടിൽ അബ്ദുല്ല മുസ്‌ല്യാർ, വയപ്രത്ത് ബങ്കളയിൽ കുട്ട്യാത്ത തുടങ്ങിയവർ ഭാഷാ സംസ്കാരത്തിന്റെ പാരമ്പര്യ മഹത്വത്തിന് വെളിച്ചം വീശിയപ്പോൾ ഉദാരമതികളും ധർമ്മിഷ്ഠരും

സംസ്കാര സമ്പന്നരുമായ വ്യക്തിത്വങ്ങൾ ഒരു കൊച്ചു നൗകയെ വെള്ളത്തിലിറക്കി തുഴയുകയായിരുന്നു.

അച്ചടി മാധ്യമങ്ങളുടെ സ്വാധീനത്തെപ്പറ്റി അവഗാഹമുള്ള ഹാജി അബ്ദുസത്താർ ഇസ്ഹാഖ് സേട്ടുസാഹിബും മലബാർ ജില്ലാ മുസ്ലിംലീഗിന്റെ പ്രഥമ ട്രഷററായിരുന്ന സി.പി മമ്മുക്കേയിയും ആ ഉൽകൃഷ്ട പൈതൃകത്തിന്റെ കാവൽഭടനെ കണ്ടത് കെ.എം സീതിസാഹിബിലായിരുന്നു. പിതൃതുല്യമായ വാത്സല്യവും ഗുരുതുല്യമായ പ്രോത്സാഹനവും സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങളിൽ നിന്നും പത്രപ്രവർത്തന രംഗത്ത് കഴിവും കരുത്തും പ്രകടിപ്പിച്ച പ്രതിഭാശാലികളായ എഴുത്തുകാരിൽ നിന്നും ലഭിച്ചപ്പോൾ സ്നേഹത്തിന്റെ വിളക്കുമാടം സൃഷ്ടിച്ച വെളിച്ചം നാട്ടിലും മറുനാട്ടിലുമുള്ള വരിക്കാരും വായനക്കാരും ആശ്ചര്യത്തോടെ ആസ്വദിച്ചു. ചന്ദ്രികയുടെ മുന്നേറ്റത്തിന്റെ കരുത്തിനെക്കുറിച്ച് ആദ്യ പത്രാധിപർ കെ.കെ മുഹമ്മദ് ഷാഫി മുതൽ പ്രഥമ പ്രിന്ററും പബ്ലിഷറുമായ വി.സി അബൂബക്കർ സാഹിബ് വരെ അയവിറക്കുമ്പോൾ സി.എച്ച് മുഹമ്മദ്കോയാ സാഹിബെന്ന പത്രാധിപ പ്രതിഭയെക്കുറിച്ച് പറഞ്ഞാൽ തീരാത്ത കഥകളുടെ കെട്ടഴിക്കും. സീതിസാഹിബും സി.എച്ചും വി.സിയും ചരിത്ര വസ്തുക്കൾ രേഖപ്പെടുത്തി വെച്ചതുകൊണ്ടാണ് ചന്ദ്രികയുടെ ആദ്യകാല ചരിത്രം തലമുറകൾക്ക് പകർത്താനായത്.

തിരുകൊച്ചി ഭാഗത്തുനിന്ന് മലബാറിലേക്ക് അക്ഷര വിപ്ലവം പറിച്ചുനട്ട മഹത്തുക്കളുടെ കൈത്താങ്ങ് ചന്ദ്രികയുടെ ഉദയത്തിന് സഹായകമായി. തലശ്ശേരി പാരീസ് ഹോട്ടൽ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് രൂപീകൃതമായ മുസ്ലിം ക്ലബ് ചന്ദ്രികയുടെ തുടക്കസ്ഥലമെന്ന് നമുക്കറിയാം. ഇതേപോലെ തൃക്കരിപ്പൂരിലെ കൈക്കോട്ട്കടവ് യങ്മെൻസ് മുസ്ലിം അസോസിയേഷനും (വൈ.എം.എ) ചന്ദ്രികയുടെ ജനനത്തിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. തിരുകൊച്ചിയിൽ നിന്ന് ഇസ്ലാം മതം ആശ്ലേഷിച്ച് എത്തിയ ഡോ. കമാൽ പാഷ തയ്യിൽ, ജലാലുദ്ദീൻ എന്നിവർക്ക് 1933-ൽ നൽകിയ സ്വീകരണത്തിന് കാർമ്മികത്വം വഹിക്കാൻ കെ.എം സീതി സാഹിബാണ് എത്തിയത്. ടി.എം കുഞ്ഞാമദ് സാഹിബ് എന്ന കർമ്മധീരന്റെ നേതൃത്വവും വൾവക്കാടിലെ എം.കെ അബ്ദുല്ലയുടെയും ഉടുമ്പുന്തല ടി.ടി.പി കുഞ്ഞാമു സാഹിബിന്റെയും വി.കെ.പി അബ്ദുറഹിമാൻ വൈതാനിയുടെയും അക്ഷരസ്നേഹവും സമുദായാഭിമാനവും മറക്കാനാവില്ലെന്ന് സി.എച്ചും ടി. ഉബൈദ് സാഹിബും അനുസ്മരിച്ചിട്ടുണ്ട്.

വടക്കെ മലബാറിലെ പുരാതനവും പ്രസിദ്ധവുമായ പള്ളി ദർസുകളും ഭൗതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഏറ്റെടുത്ത് നടത്തുന്നവർ മുസ്‌ലിം ലീഗിനെയും ശക്തമാക്കാൻ പാടുപെട്ടു. പകരമതിയായ ചിന്തകനും രാഷ്ട്രീയ പ്രവർത്തകനുമായ സീതി സാഹിബ് വിദ്യാർത്ഥിയായിരുന്ന കാലത്ത് പഠന കാര്യത്തിൽ റിക്കാർഡ് സൃഷ്ടിച്ചതിനെയാണ് അനുയായികൾ എടുത്തുപറഞ്ഞുകൊണ്ടിരിക്കുന്നത്. പിതാവ് ശീതി മുഹമ്മദ് സാഹിബ് ഇംഗ്ലീഷ് ദിനപത്രങ്ങൾ വരുത്തിയ കാലം അത് പൂർണമായും പരിഭാഷപ്പെടുത്താനുള്ള ഉത്തരവാദിത്തം സീതി സാഹിബിനെ ഏൽപ്പിക്കുകയാണ് പതിവ്. വർത്തമാന പത്രങ്ങളുമായി കുട്ടിക്കാലത്തെ ബന്ധം ജ്ഞാനധന്യരായ മുസ്‌ലിം പണ്ഡിതന്മാർ പ്രോത്സാഹിപ്പിച്ചു. വക്കം അബ്ദുൽഖാദർ മൗലവി, സനാവുള്ളമക്തിതങ്ങൾ, ഹമദാനി ശൈഖ് എന്നിവർ സീതി സാഹിബിനെക്കൊണ്ട് പത്രങ്ങളിൽ ലേഖനങ്ങൾ എഴുതിച്ചു. എറണാകുളത്ത് നിന്ന് ഐക്യം എന്ന പേരിൽ ദേശീയ വാരിക സീതി സാഹിബിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകൃതമായി.

ഭിന്നശ്രേണികളിൽ ഖ്യാതി നേടിയെടുത്തവരുടെ ആദ്യകാല കളരി ചന്ദ്രികയായിരുന്നു. കവികളും കഥാകൃത്തുക്കളും നോവലിസ്റ്റുകളും നാടകകൃത്തുക്കളും സംഗീതജ്ഞരും സംവിധായകരും സാംസ്കാരിക നായകരും മതപണ്ഡിതന്മാരും കാർഷിക വിദഗ്ധരും ഹാസ്യശിരോമണികളും ഇതിൽ പെടും.

മഹാകവി ജി. ശങ്കരക്കുറുപ്പും മഹാകവി വള്ളത്തോളും ശുരനാട് കുഞ്ഞൻപിള്ളയും തകഴി ശിവശങ്കപിള്ളയും പൊൻകുന്നം വർക്കിയും പി. കേശവദേവും വൈക്കം മുഹമ്മദ് ബഷീറും എസ്.കെ പൊറ്റക്കാടും മൂർക്കോത്ത് കുമാരനും മൂർക്കോത്ത് കുഞ്ഞപ്പയും ചന്ദ്രികയുടെ കോളങ്ങളിൽ സൃഷ്ടിച്ച കോലാഹലങ്ങൾ കോലാരത്ത് രാഘവന്റെ കാലത്തുതന്നെ തുടങ്ങിയിരുന്നു. തലശ്ശേരിയിൽ നിന്ന് ചന്ദ്രിക പ്രതിവാര പത്രമായി ആരംഭിച്ച കാലത്ത് കോലാരത്ത് രാഘവനും പത്മനാഭൻ തലായിയും പയ്യമ്പള്ളി ഉമ്മർകുട്ടിയും കോയിത്തട്ടയും തയ്യിലകണ്ടി സി. മുഹമ്മദുമൊക്കെ അക്ഷരാർത്ഥത്തിൽ വായനക്കാരുടെ ദാഹം അകറ്റുകയായിരുന്നു. പത്രാധിപ സമിതി അംഗങ്ങളും ജീവനക്കാരും ഒറ്റക്കെട്ടായിനിന്നു എന്നതാണ് പ്രത്യേകത.

ആനവാരിയും പൊൻകുരിശും എട്ടുകാലി മമ്മൂഞ്ഞും വസിക്കുന്ന സ്ഥലങ്ങളിൽ ചന്ദ്രിക എത്തിയപ്പോൾ എല്ലാ സംശയങ്ങൾക്കും നിവാരണമുണ്ടാക്കുന്ന മുഴയൻ

നാണു മടരായി ശങ്കുറൈറ്ററും ഫോർമേൻ ഉമ്മർക്കയും കെ.പി മമ്മൂക്കയും അല്ലൂക്കയും പ്രസിൽ കാവലിരുന്നു. പരന്നൊഴുകുന്ന പാണ്ഡിത്യവും ഒളിചിതറുന്ന പ്രതിഭയുമായി ക്ഷീണവും വിശ്രമവുമില്ലാതെ തൂലിക ചലിപ്പിക്കാൻ കെ.എം സീതി സാഹിബും ഇ.കെ മൗലവിയും കെ.എം മൗലവിയും അബ്ദുൽഖാദർ ഖാരിയും ഒ. അബുസാഹിബും പുന്നയൂർക്കുളം ബാപ്പുവും എ.കെ ഹമീദും മാറ്റത്തിന്റെ മണിയൊച്ച കേൾപ്പിച്ചു. കൊച്ചി രാജാവിന്റെ വലംകയ്യായിരുന്ന ഇളമന കൃഷ്ണമേനോന്റെ കൊള്ളരുതായ്മകളെ തുറന്നുകാട്ടിയ മണപ്പാട്ട് കുഞ്ഞിമുഹമ്മദ് സാഹിബിന്റെ പാത പിന്തുടരുകയായിരുന്നു ചന്ദ്രികയുടെ നടത്തിപ്പുകാർ. മുക്കാട്ടിൽ മൂസാ സാഹിബും കിടാരൻ അബ്ദുറഹിമാനും സി.പി മമ്മുക്കേയിയും ഉൾപ്പെടെയുള്ള നടത്തിപ്പുകാരുടെ മുന്നേറ്റം നസ്രാണി ദീപികക്കാരെ ചൊടിപ്പിച്ചെങ്കിലും പത്രം എന്തു ത്യാഗം സഹിച്ചും നടത്തിപ്പോരുന്നതിനുള്ള പ്രതിജ്ഞ അക്ഷര സ്നേഹികൾ ശിരസാവഹിക്കുകയായിരുന്നു.

ബർമ്മയിലും പാക്കിസ്താനിലും സിലോണിലും അധിവസിക്കുന്ന മലയാളികളുടെ ഇഷ്ട പത്രമായി ചന്ദ്രിക മാറി. ജാതി-മതഭേദമന്യെ വായനക്കാരും ഏജന്റുമാരും എഴുത്തുകാരും ഇതിനെ ശിരസ്സേറ്റി. 'അബലയുടെ പ്രതികാര'വും 'തുർക്കി വിപ്ലവ'വും ഉർദുവിൽ നിന്ന് പരിഭാഷപ്പെടുത്തി ജനമനസ്സുകളെ കോൾമയിർ കൊള്ളിച്ച വലപ്പാട്ടുകാരൻ വി. അബ്ദുൽ ഖയ്യൂം ബുറാഖുമായി ചന്ദ്രികയിലെത്തിയപ്പോൾ കണ്ണൂർക്കാരൻ എം. അബൂബക്കർ, മുൻഷി ഫാസിലുമായി അങ്കത്തട്ടിൽ വിലസി. മുടങ്ങിയും തുടങ്ങിയും വീണ്ടും മുടങ്ങിയും ഈ പംക്തികൾ പതിറ്റാണ്ടുകൾ തള്ളിനീക്കി. പത്രം ചിറകുകളിൽ വർണം കലർത്തി പുതിയ കാലത്തെ അഭിമുഖീകരിച്ചു. പ്രൊഫസർ അബ്ദുറഹിമാൻ സാഹിബ് എന്ന പൊന്നാനിക്കാരനും സി.എം കുട്ടി എന്ന താനൂർക്കാരനും മമ്മത്തു എന്ന കൊടുവള്ളിക്കാരനും നടക്കാവിൽ എടമേങ്കയ്യൻ അബ്ദുറഹിമാൻ സാഹിബിന്റെ വസതി മീഡിയാ സെന്ററാക്കിയപ്പോഴുള്ള നാളുകളെക്കുറിച്ച് സി.എച്ചും വി.സിയും സരസമായി വിവരിച്ചതാണ്.

എ.കെ കുഞ്ഞിമായൻ ഹാജി എന്ന പലാപ്പറമ്പുകാരൻ കോട്ടാൽ ഉപ്പി സാഹിബിന്റെ ചിരകാല സ്വപ്നം സാക്ഷാത്കരിക്കാൻ വൈ.എം.സി.എ റോഡിൽ ചന്ദ്രിക പറിച്ചുനട്ടപ്പോൾ നട്ടപ്പാതിര നേരത്തും നട്ടും ബോൾട്ടും മുറുക്കി അച്ചടിയന്ത്രം ശബ്ദിച്ചു. ഇവിടുന്നങ്ങോട്ടുള്ള ചന്ദ്രികയുടെ ചരിത്രത്തിൽ ഏറ്റവും സക്രിയമായ ഒരു ഘടകമായി പത്രവും സംഘടനയും മാറിയതായി കാണാം.

സത്യത്തിന്റെ തീരത്തെ മന്ദമാരുതനായി ചന്ദ്രിക മാറിയതിന് പിന്നിൽ സി.എച്ച് മുഹമ്മദ്കോയ എന്ന പത്രാധിപരുടെ പങ്ക് വളരെ വലുതാണ്.

വെള്ളയിൽ പ്രദേശത്ത് പിടിച്ചാൽ കിട്ടാത്തവിധം വർഗീയ കലാപത്തിന് വഴിമരുന്നിട്ടപ്പോൾ കോഴിക്കോട് കലക്ടറേറ്റിൽ നിന്ന് കലക്ടർ മലയാറ്റൂർ രാമകൃഷ്ണൻ നടക്കാവ് പൊലീസ് സ്റ്റേഷനിലെത്തി ആദ്യം വിളിച്ചത് ചന്ദ്രികയിൽ സി.എച്ചിനെയാണ്. ഓട്ടോറിക്ഷയോ, മൊബൈൽഫോണോ ഇല്ല. ഒരു സൈക്കിളിന്റെ പിറകിലെ സീറ്റിലിരുന്ന സി.എച്ച് നടക്കാവ് സ്റ്റേഷനിലെത്തി. മലയാറ്റൂർ സി.എച്ചിനോട് സംഗതിയുടെ ഗൗരവം വിശദീകരിച്ചു. കടലിൽ വെച്ച് അരയസമുദായക്കാരും മുസ്ലിം മീൻപിടുത്തക്കാരും തമ്മിലുള്ള വാക്കേറ്റം കരയിൽ കത്തിക്കുത്തിൽ കലാശിച്ചിരിക്കുന്നു. എന്തു ചെയ്യണം. സി.എച്ച് പറഞ്ഞു; എല്ലാ പത്രപ്രവർത്തകരെയും വിളിക്കാൻ. വി.എം നായരും തെരുവത്ത് രാമനും കെ.പി കേശവമേനോനും ഉൾപ്പെടെ കൃത്യാന്തര ബാഹുല്യങ്ങൾക്കിടയിൽ. ഒരു കൂട്ടം പത്രാധിപ പ്രതിഭകൾ വന്നു. എല്ലാവരോടും ജാഥയായി വെള്ളയിലേക്ക് നീങ്ങാനായിരുന്നു സി.എച്ചിന്റെ ഉപദേശം. കലക്ടറുടെ നേതൃത്വത്തിൽ എത്തിയ ജാഥ കണ്ട് ജനം അന്തംവിട്ടു. എല്ലാ കുഴപ്പങ്ങൾക്കും അതോടെ വിരാമമായി. വെള്ളയിലുള്ളവർ ഒന്നിച്ചുനിന്നാലുള്ള ഗുണങ്ങളായിരുന്നു പ്രസംഗത്തിൽ കേട്ടത്.

നടുവട്ടത്ത് വെടിവെപ്പുണ്ടായപ്പോൾ സി.എച്ചിന് ഈ സന്ദേശം പകർന്നു നൽകിയത് സീതി സാഹിബായിരുന്നു. സി.എച്ച് എഴുതിയ മുഖപ്രസംഗം കീറിക്കളയുകയും രണ്ട് വിഭാഗത്തെയും യോജിപ്പിക്കാനുള്ള വരികൾ കൂട്ടിച്ചേർക്കുകയും ചെയ്തത് സി.എച്ച് പറയും. വാടനപ്പള്ളി ടി.ബിയിൽ സമാധാന യോഗം നടക്കവെ നമസ്കാരത്തിന് സമയമായപ്പോൾ ബാഫഖി തങ്ങൾക്ക് അംഗശുദ്ധി വരുത്താൻ വെള്ളം കൊണ്ടുവന്ന കെ.ജി മാരാരെപ്പറ്റിയും സി.എച്ച് പരമാർശിക്കും. പയ്യോളിയിൽ കലാപമൊതുക്കാൻ ബാഫഖി തങ്ങൾ സ്വീകരിച്ച മാർഗം ചന്ദ്രികയിലൂടെയാണ് വി.കെ അബുവിനെക്കൊണ്ട് സി.എച്ച് എഴുതിച്ചത്.

തലശ്ശേരി സൈദാർ പള്ളി പരിസരത്തുകൂടി ജഗന്നാഥ ക്ഷേത്രോത്സവത്തിന് ചെണ്ടകൊട്ടി ഘോഷയാത്ര നടത്തുന്നതിനെ ഇല്ലാതാക്കിയത് ഉപ്പോട്ട് കണാരി വൈദ്യരായിരുന്നു. ക്ഷേത്ര പരിസരത്ത് പോയി മറ്റു സമുദായക്കാരായ സ്ത്രീകളെ ശല്യപ്പെടുത്തരുതെന്ന് ഇ.കെ മൗലവിയെക്കൊണ്ട് ചന്ദ്രികയിലാണ് പ്രസ്താവന

ഇറക്കിച്ചത്. വക്കം അബ്ദുൽഖാദർ മൗലവിയും ശ്രീനാരായണഗുരു സ്വാമികളും തമ്മിലുള്ള ആത്മബന്ധം സീതി സാഹിബ് ചന്ദ്രികവഴി വിവരിച്ചിട്ടുണ്ട്. സ്വദേശാഭിമാനി പത്രം മൗലവി ആരംഭിച്ചപ്പോൾ അതിന്റെ രണ്ടാമത്തെ പത്രാധിപരായ കെ. രാമകൃഷ്ണപിള്ളയെ വായനക്കാർക്ക് സീതി സാഹിബാണ് പരിചയപ്പെടുത്തിയത്. ഒരു സമുദായം അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും കെട്ടുകഥകൾക്കും അടിമപ്പെട്ടുപോയപ്പോൾ അവരെ തട്ടിയുണർത്തി വിദ്യാഭ്യാസവും മതബോധവുമുള്ളവരാക്കിയ അക്ഷര സ്നേഹികളെയാണ് ഗുരുസ്വാമികൾ കണ്ടെത്തിയത്. ചരിത്ര പ്രസിദ്ധമായ സർവമത സമ്മേളനം ആലുവയിൽ നടന്നപ്പോൾ ഇ.കെ മൗലവിയുടെ പ്രസംഗം ശ്രവിച്ച ഗുരുസ്വാമികൾ അദ്ദേഹത്തെ അദ്വൈതാശ്രമത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി ആദരിച്ചത് സീതി സാഹിബിനെ ഏറ്റവും ആഹ്ലാദിപ്പിച്ച സംഭവമാണ്.

നല്ലൊരു ദിനപത്രം, ആഴ്ചപതിപ്പ്, പ്രസിദ്ധീകരണാലയം എഴുത്തുകാർ... ഇതായിരുന്നു സീതി സാഹിബിന്റെ ലക്ഷ്യം. ചന്ദ്രികയും വാരികയും മുസ്‌ലിം പ്രിന്റിങ് ആന്റ് പബ്ലിഷിങ് കമ്പനിയുടെ പുസ്തക പ്രസിദ്ധീകരണാലയവും ക്രസന്റ് വാരികയുടെ അനുമതിപത്രവുമൊക്കെ ആ ലക്ഷ്യത്തിലേക്കുള്ള പ്രയാണമായിരുന്നു. (അവസാനിക്കുന്നില്ല)